IT Starred on 08.07.2013

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

തൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :571

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>,, പി.കെ.ഗുരുദാസൻ<br>,, സി. കൃഷ്ണൻ<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) . | |
| (എ) | തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള ലക്ഷ്യവും പ്രവൃത്തിയും വിശദമാക്കാമോ; | (എ) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ദിവസവും എത്ര പേർക്ക് തൊഴിൽ നൽകാൻ സാദ്ധ്യമാകും; എന്തു തുക ഇതിനായി വേണ്ടിവരും; | (ബി) | കേന്ദ്രസർക്കാർ 2013-14 സാമ്പത്തിക വർഷത്തിലേക്ക് അംഗീകരിച്ച ലേബർ ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്ത് 875.57 ലക്ഷം അവിദഗ്ദ്ധ കായിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 875.57 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 2411.95 കോടി രൂപ വേണ്ടിവരും എന്നും പ്രതീക്ഷിക്കുന്നു. |
| (സി) | തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിതിനുശേഷമുള്ള ഓരോ വർഷവും പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് വകയിരുത്തിയ തുകയുടെയും ഓരോ വർഷവും എത്ര ശതമാനം വീതം കേരളത്തിൽ വിനിയോഗിക്കപ്പെട്ടതിന്റേയും വിശദാംശം ലഭ്യമാക്കുമോ? | | അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

കേന്ദ്രസർക്കാർ 2013 ഫെബ്രുവരി മാസം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ നിലവിലെ അനുവദനീയമായ പ്രവൃത്തികൾക്ക് പുറമേ ചുവടെ സൂചിപ്പിക്കുന്ന പുതിയ തരം പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക സംബന്ധമായ പ്രവൃത്തികൾ
2. കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി എന്നീ മൃസംരക്ഷണ പ്രവർത്തനങ്ങൾ
3. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി അടക്കമുള്ള മത്സ്യം വളർത്തൽ പ്രവർത്തനങ്ങൾ
4. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം, തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ വച്ച് പിടിപ്പിക്കൽ തുടങ്ങിയ തീരദേശങ്ങളിൽ അനുയോജ്യമായ പ്രവർത്തനങ്ങൾ
5. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ
6. വ്യക്തിഗത കക്കൂസ്, സർക്കാർ സ്കൂൾ/അംഗണവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം തുടങ്ങിയ ഗ്രാമീണ ശുചിത്വ പ്രവർത്തനങ്ങൾ
7. അംഗണവാടികളുടെ നിർമ്മാണം.
8. കളിസ്ഥലങ്ങളുടെ നിർമ്മാണം

**പ്രവർത്തനങ്ങൾ**

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച്

- ത്രിതല പഞ്ചായത്ത് പ്രതിനിധികൾ
- ഉദ്യോഗസ്ഥർ
- പൊതുപ്രവർത്തകർ

തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

2. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് പഞ്ചായത്തുകളെ സഹായിക്കുന്നതിനുള്ള മാന്വൽ തയ്യാറാക്കി വരുന്നുണ്ട്.
3. പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകുന്നതിന് എക്സ്.എം.എൽ.എ ശ്രീ.എം.മുരളിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തെ എല്ലാജില്ലകളിലും സിറ്റിംഗ് നടത്തി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സംഘടനകൾ എന്നിവരിൽ നിന്നും അഭിപ്രായം സ്വരൂപിച്ച് സർക്കാരിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.
4. 2013 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ മലയാളം പരിഭാഷ പൂർത്തിയായി വരുന്നു.

അനുബന്ധം - II

| ക്രമ നം | വർഷം | കേന്ദ്രവിഹിതം ലഭിച്ചത് (ലക്ഷത്തിൽ) | ആകെ ലഭ്യമായ തുക (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | 2006-07 | 3181.51 | 4837.18 | 2789.73 | 57.67 |
| 2 | 2007-08 | 5810.55 | 9900.68 | 8336.83 | 84.20 |
| 3 | 2008-09 | 19887.32 | 29827.50 | 22440.92 | 75.24 |
| 4 | 2009-10 | 46771.42 | 59106.60 | 47068.11 | 79.63 |
| 5 | 2010-11 | 70423.24 | 84856.27 | 70162.19 | 82.68 |
| 6 | 2011-12 | 95105.42 | 112923.29 | 104807.84 | 92.81 |
| 7 | 2012-13 | 131117.81 | 143252.10 | 141637.10 | 98.87 |
| 8 | 2013-14 (30.06.2013 വരെ) | 428.17 | 437.28 | 130.97 | 29.95 |

94